**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3494** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ചാവക്കാട് ബ്ലോക്കിൽ കൃഷി ശ്രീ സെന്ററുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ചാവക്കാട് ബ്ലോക്കിൽ കൃഷിശ്രീ സെന്ററുകൾ/അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |
| (ബി) | ഗുരുവായൂർ മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലേയും എം.എൽ.എ.മാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അതതു ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സമർപ്പിക്കുന്ന പട്ടിക പ്രകാരമാണ് സ്മാർട്ട് കൃഷിഭവൻ ആക്കേണ്ട കൃഷിഭവനുകളെ തെരഞ്ഞെടുത്തിട്ടുള്ളത്. തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ ലഭ്യമാക്കിയിട്ടുള്ള പട്ടികയിൽ ഗുരുവായൂർ നിയോജക മണ്ഡലത്തിൽ നിന്നും ചാവക്കാട് കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി നൽകിയിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്മാർട്ട് കൃഷിഭവൻ പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്. വരും വർഷങ്ങളിൽ ഗുരുവായൂർ നിയോജക മണ്ഡലത്തിൽ നിന്നും ചാവക്കാട് കൃഷിഭവനെ സ്മാർട്ട് കൃഷിഭവൻ ആക്കുന്ന വിഷയം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ